## പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3578 | 20.06.2019-ൽ മറുപടിക്ക് |
|---|---|

**ഇടുക്കി ജില്ല പോലീസ് സൂപ്രണ്ട് സ്വീകരിച്ച നടപടികൾ**

| | ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ട് മാനസികമായും ഔദ്യോഗികമായും പീഡിപ്പിക്കുന്ന തരത്തിലുള്ള ശിക്ഷണനടപടികൾ സ്വീകരിച്ചു വരുന്നത് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ട് മാനസികമായും ഔദ്യോഗികമായും പീഡിപ്പിക്കുന്നു എന്ന് ആരോപിച്ചുകൊണ്ട് വിവിധ തീയതികളിൽ പത്രമാധ്യമങ്ങളിൽ വാർത്ത പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇടുക്കി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് രാഷ്ട്രീയപരിഗണനയും രാഷ്ട്രീയ സമ്മർദ്ദവും മാനദണ്ഡമാക്കി കീഴ് ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികളോ മാധ്യമവാർത്തകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പേരിൽ ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സി) | ഇടുക്കി ജില്ലാ പോലീസ് മേധാവിക്കെതിരായി കേസുകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ